(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ 10/1494/2016

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ, തീയതി:09.12.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)
കുടയത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുടയത്തൂർ ഗ്രാമപഞ്ചായത്ത് -2015-16സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഐ.ഡി.കെ-10/1494/2016

തീയതി:09.12.2016

ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4) ,1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.2.2016 മുതൽ 17.10.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്.മുരളീദാസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.10.2016മുതൽ 25.10.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ബേബി സനുജ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി.ലീന പി.ബി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എബി എബ്രാഹാം | സീ.ഗ്രേ.ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | | ശ്രീ. കെ.കെ.മുരളീധരൻ | 1.4.2015 മുതൽ 31.10.2015 വരെ |
| | | ഭരണ നിർവ്വഹണ സമിതി | 1.11.2015മുതൽ 18.11.2015 വരെ |
| | | ശ്രീമതി പുഷ്പ വിജയൻ | 19.11.2015മുതൽ 31.3.2016 വരെ |
| സെക്രട്ടറി | | ശ്രീ.എം.പി.സലിം | 1.4.2015മുതൽ 31.3.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| അസി.എഞ്ചിനീയർ | | ശ്രീ.മാക്സ് വെൽ | 1.4.2015മുതൽ 31.3.2016വരെ |
| വെറ്ററിനറി സർജൻ | | ഡോ.മറിയാമ്മ തോമസ് | 1.4.2015മുതൽ 31.3.2016വരെ |
| കൃഷി ഓഫീസർ | | ശ്രീ.മാർട്ടിൻ തോമസ് | 1.4.2015മുതൽ 31.3.2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി.ശോഭന കുമാരി | 1.4.2015മുതൽ 31.12.2015വരെ |
| | | ശ്രീമതി ബിന്ദു ബി.എ | 1.1.2016മുതൽ 31.3.2016 വരെ |
| വി.ഇ.ഓ | | ശ്രീ.സുധീർ യു.എ | 1.4.2015മുതൽ31.3.2016വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീ.എ.കെ.പ്രഭാകരൻ | 1.4.2015മുതൽ13.5.2015വരെ |
| | | ശ്രീ.ബിജോയി ജോൺ | 14.5.2015മുതൽ10.2.2016വരെ |
| | | ശ്രീ.എ.എം.നസീർ | 11.2.2016മുതൽ31.3.2016വരെ |
| മെഡിക്കൽ ഓഫീസർ | ആരോഗ്യം | ഡോ.രജിത് കെ.ആർ | 1.4.2015 മുതൽ 31.3.2016വരെ |
| | ആയുർവേദം | ഡോ. ജിൽസൺ ജോർജ്ജ് | 1.4.2015 മുതൽ 31.3.2016വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്ക് അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | മിനിറ്റ്സ് ബുക്ക് പരിപാലനം | 2-1 |
| | ഭാഗം 3 | |
| 14 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം-അപാകതകൾ | 3-1 |
| 15 | വെങ്കിട്ട അംഗൻവാടി പൈപ്പ് ലൈൻ നീട്ടൽ | 3-2 |
| 16 | മീഡിയാശ്രീ പദ്ധതി നടപ്പിലാക്കിയില്ല | 3-3 |
| 17 | സിഗ്നൽ ലാമ്പ് മെയിന്റനൻസ് -രേഖകൾ ലഭ്യമാക്കിയില്ല. | 3-4 |
| | ഭാഗം 4 | |

| | | |
|---|---|---|
| 18 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 19 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 21 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 22 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 23 | ഓഡിറ്റ് റിക്കവറി | 4-6 |
| 24 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 25 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 26 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 27 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.3.2015തിയതിയിലെ തീരുമാനം (1) പ്രകാരവും പുതുക്കിയ ബജറ്റ് 11.2.2016 ലെ തീരുമാനം (7)പ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 16.6.2016 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 9195500.00 |
| വരവ് | 27136117.00 |
| ആകെ | 36331617.00 |
| ചെലവ് | 31545912.00 |
| നീക്കിബാക്കി | 4785705.00 |

## 1-5 ഫണ്ട് വിനിയോഗ വിവരം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക (ACR പ്രകാരം) | ആകെ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 745000 | 5792508 | 6537508 | 5357263 | 82% |
| വികസന ഫണ്ട്(എസ്.സി.പി) | 371000 | 1308000 | 1679000 | 1467837 | 87% |
| വികസനഫണ്ട്(ടി.എസ്.പി) | 298769 | 2956000 | 3254769 | 2633061 | 82% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 362151 | 6802000 | 7164151 | 6289544 | 88% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 90933 | 2320000 | 2410933 | 2253511 | 93% |
| ധനകാര്യ കമ്മീഷൻ അവാർഡ് | 73639 | 2004211 | 2077850 | 2073215 | 99% |
| ലോക ബാങ്ക് സഹായം | 158000 | 0 | 158000 | 1568500 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 113 | 2245900 | 95 | 1790417 | 7 | 11 | 84.07 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 1798565 | 1285841 | (-)512724 | (-)39.87 |
| നികുതിയേതര വരവുകൾ | 265339 | 610787 | 345448 | 56.55 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 90529 | 5980 | (-)84549 | (-)14.14 |
| ആകെ | 2154433 | 1902608 | (-)251825 | (-)13.25 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 230160 | 166 |
| കർഷകതൊഴിലാളി പെൻഷൻ | 897270 | 90 |
| വിധവാപെൻഷൻ | 2819840 | 275 |
| വാർദ്ധക്യകാലപെൻഷൻ | 5733360 | 604 |
| വികലാംഗപെൻഷൻ | 1048600 | 101 |
| 50 വയസു കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 271920 | 27 |

തൊഴിൽരഹിത വേതനത്തിനുള്ള അപേക്ഷാ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 11899/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് വേരിഫിക്കേഷൻ നടത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 19.9.2016, 20.9.2016 | 8/2016 | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 28.8.2006 | 1997-98 മുതൽ 2005-06 വരെ | 20.11.2006 |

## 1-12 <u>വാർഷിക കണക്ക് അപാകതകൾ</u>

സ്ഥാപനത്തിന്റെ വാർഷിക കണക്കിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു :-

- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
- വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ വസ്തുനികുതി തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല.
- പെർമിറ്റ് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല. രജിസ്റ്ററിലെ എല്ലാ ശീർഷകങ്ങളും രേഖപ്പെടുത്തുന്നില്ല.
- വരവ് ചെലവുകൾ അതത് ശീർഷകങ്ങളിൽ രേഖപ്പെടുത്തുന്നില്ല.

# ഭാഗം-2

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 <u>മിനിറ്റ്സ് ബുക്ക് പരിപാലനം</u>

ഗ്രാമ പഞ്ചായത്തിലെ ആധികരിക രേഖയായ മിനിറ്റ്സ് ബുക്ക് പരിപാലിക്കുന്നതിൽ തികഞ്ഞ അനാസ്ഥ കാണുന്നു. 02.03.2015ലെ I(1), 2.7.2015 ലെ IV(1,2,3,4), 17.5.2016ലെ I(4) എന്നീ തീരുമാനങ്ങൾ നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. കൂടാതെ 10.07.15, 23.07.15, 03.08.15, 21.08.15, 04.09.15, 18.09.15, 26.9.15, 05.10.15 എന്നീ തിയതീകളിലെ രേഖപ്പെടുത്തലുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ ഭരണ വകുപ്പ് ഉചിത നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വിതരണം,തടസ്സം ₹27600/-</u>

നിർവ്വഹണം -ഹെഡ് മാസ്റ്റർ

ബിൽ നം – 3/2016/29.3.16 110400/-

പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ (പ്രോജക്ട് നം 36/2016, ഡി.ഡി നം 684232, തീ 29.03.2016) എന്ന പ്രോജക്ടിൽ വിദ്യാർത്ഥികൾക്ക് 27600/-രൂപ വീതം വിലമതിക്കുന്ന ലാപ് ടോപ്പുകൾ നൽകിയിട്ടുണ്ട്. എന്നാൽ ശ്രീ.ജിൻസ് പി.കെ എന്ന വിദ്യാർത്ഥിക്ക് ടിയാന്റെ പഠനകാലത്തിനു ശേഷം (2013-15) 2015-16 സാമ്പത്തിക വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി ലാപ് ടോപ്പ് നൽകി. ഇത് 18.03.2015-ലെ സ.ഉ (സാധാ)നം.787/15/ തസ്വഭവ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇതു സംബന്ധിച്ച് നല്കിയ എൻക്വയറിക്ക്(നം 5) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നൽകിയ ലാപ് ടോപ്പിന്റെ വില ₹27,600/- സാധൂകരണത്തിന് വിധേയമായി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 വെങ്കിട്ട അംഗൻവാടി പൈപ്പ് ലൈൻ നീട്ടൽ-സാങ്കേതികാനുമതി ലഭിച്ചില്ല, തടസ്സം ₹1,30,300/-

| | | |
|---|---|---|
| നിർവ്വഹണം | സെക്രട്ടറി | |
| പ്രോജക്ട് നം | 105/16 | |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 53039 |
| | വികസന ഫണ്ട് | 99800 |
| | ആകെ | 152839 |
| ബിൽ നം | 7270184/18.2.16 | 53039 |
| | 7270183/18.2.16 | 77261 |
| | ആകെ | 130300 |

വെങ്കിട്ട അംഗൻവാടി പൈപ്പ് ലൈൻ നീട്ടുന്നതിനായി മേൽ പരാമർശിച്ച ബിൽ പ്രകാരം പിൻവലിച്ച ₹130300/- വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടി പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. കൂടാതെ വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടുമില്ല. ടി കാരണങ്ങളാൽ ടി ഇനത്തിൽ ചെലവഴിച്ച ₹130300/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 മീഡിയാശ്രീ പദ്ധതി നടപ്പിലാക്കിയില്ല,തടസ്സം ₹ 65,000/-

പ്രോജക്ട് നം : 95/16

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ : വികസന ഫണ്ട്

ഡി.ഡി.നം. : 1) 139239/27.7.15 – 20000/-

2) 139454/24.2.2016 -45000/-

ഗ്രാമപഞ്ചായത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനം, ചരിത്രം എന്നിവ ഡോക്യുമെന്ററി രൂപത്തിൽ തയ്യാറാക്കുന്നതിനായി ₹65,000/- കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ പേരിൽ എടുത്തിട്ടുണ്ട്. എന്നാൽ ടി തുകയുടെ കൈപ്പറ്റ് ഫയലിൽ ലഭ്യമല്ല. കുടുംബശ്രീ മിഷനുമായി കരാർ ചമച്ചിട്ടില്ല. പദ്ധതി പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. മേൽ പരാമർശിച്ച കാരണങ്ങളാൽ പിൻവലിച്ച ₹65000/-ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 സിഗ്നൽ ലാമ്പ് മെയിന്റനൻസ്-രേഖകൾ ലഭ്യമാക്കിയില്ല,തടസ്സം ₹19,500/-

പ്രോജക്ട് നം : 84/16

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ : 20000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ബിൽ നം. : 8/15-16/8.5.2015- 19500/-

സിഗ്നൽ ലാമ്പ് മെയിന്റനൻസ് എന്ന പദ്ധതിക്കായി മേൽ പരാമർശിച്ച ബിൽ പ്രകാരം ₹19500/- പിൻവലിച്ച് ശ്രീ.സിൽവാനോസ് പി. തോമസ് എന്ന വ്യക്തിക്ക് നല്കിയിരിക്കുന്നു. സിഗ്നൽ ലാമ്പുകൾ എവിടെ സ്ഥാപിച്ചുവെന്ന് വ്യക്തമല്ല. ആയതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും പദ്ധതി പൂർത്തീകരിച്ചതിന്റെയും രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. ടി കാരണങ്ങളാൽ ₹19500/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

-ഇല്ല-

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരം.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വെങ്കിട്ട അംഗൻവാടി പൈപ്പ് ലൈൻ | 7270183/18.2.2016<br>7270184/18.2.2016 | 77261<br>53039 | പൂർത്തീകരവിവരം ലഭ്യമാക്കിയിട്ടില്ല. | ലഭ്യമല്ല | |

| | | | | | | |
|---|---|---|---|---|---|---|
| | നീട്ടൽ | | | | | |

വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടില്ല. സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/ വിനിയോഗം / വീഴ്ചകൾ എന്നിവയുടെ വിവരം

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 300/- രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | തിരികെ ഈടാക്കിയ തുക | | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|---|
| | | വരവ് നഷ്ടം | ചെലവ് നഷ്ടം | | |
| 2000-01 | ഭാഗം 2<br>ഖ-20(എ) | 300 | | അബ്ദുൾ കരീം, കൃഷി അസിസ്റ്റന്റ് | 11503100229/<br>26.6.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-2001 | 31 | 2003-2004 | | ഹാൾ നിർമ്മിക്കുന്നതിന് അധിക തുക നൽകി | |
| 2003-2004 | 3-7 | 2006-2007 | 3.35.1 | വാട്ടർ അതോറിറ്റി- നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് | |
| 2004-2005 | 3-2 | 2006-2007 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ | |

| | | | | | |
|---|---|---|---|---|---|
| | | | | ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | |
| 2004-2005 | 3-10 | 2006-2007 | 3.35.2 | | |
| 2012-2013 | 2-42-4 | 2012-2013<br>2012-2013 | 2-4<br>30, 32<br>പേജ് | ലഘുഅവലോകനം<br>തുടർ സക്ഷരതാ പരിപാടി-<br>ലഘുഅവലോകനം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,71,36,117/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,15,45,912/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,42,400/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 27600 | ശ്രീ.എ.എം.നസീർ, ഹെഡ് മാസ്റ്റർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 27600 | ശ്രീ. എ.എം.നസീർ ,ഹെഡ് മാസ്റ്റർ |

| | | |
|---|---|---|
| 3-2 | 130300 | ശ്രീ.എം.പി.സലിം , സെക്രട്ടറി |
| 3-3 | 65000 | ശ്രീ.എം.പി.സലിം , സെക്രട്ടറി |
| 3-4 | 19500 | ശ്രീ.എം.പി.സലിം , സെക്രട്ടറി |
| ആകെ | 242400 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

-ഇല്ല-

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എ.എം.നസീർ , ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ, അമയപ്ര | ആലിയകുന്നേൽ വീട്, ഉടുമ്പന്നൂർ പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1985-1986<br>1986-1987 | എൽ.എഫ്.ഐ.6/379/96/15.09.99 |
| 1987-1988 | -ടി- |
| 1988-1989 | -ടി- |

| | |
|---|---|
| 1989-1990 | |
| 1990-1991<br>1991-1992 | -ടി- |
| 1992-1993 | എൽ.എഫ്.ഐ.6/ 305/94/28.11.94 |
| 1993-1994 | എൽ.എഫ്.ഐ.6/ 162/95/3.06.95 |
| 1994-1995 | എൽ.എഫ്.ഐ.6/ 63/96/29.04.96 |
| 1995-1996 | എൽ.എഫ്.ഐ.6/ 247/98/5.10.98 |
| 1996-1997 | എൽ.എഫ്.ഐ.7/ 529/99/3.03.2000 |
| 1997-1998 | എൽ.എഫ്.ഐ. 7/ 587/99/11.10.99 |
| 1998-1999 | എൽ.എഫ്.ഐ. 7/ 215/2000/1.8.2000 |
| 1999-2000 | എൽ.എഫ്.ഐ.7/ 101/2002/31.8.2002 |
| 2000-2001 | എൽ..എഫ്.ഐ.7/734/02/6.8.2003 |
| 2001-2002 | എൽ.എഫ്.ഐ.7/141/04/16.6.04 |
| 2002-2003 | എൽ.എഫ്.ഐ.7/ 669/04/25.01.2005 |
| 2003-2004 | എൽ.എഫ്.ഐ.8/ 604/05/6.4.2006 |
| 2004-2005 | എൽ.എഫ്.ഐ.8/ 595/06/19.0.2006 |
| 2005-2006 | എൽ.എഫ്.ഐ.8 265/08/5.09.2008 |
| 2006-2007 | എൽ.എഫ്.ഐ.8 879/08/28.01.2009 |

| | |
|---|---|
| 2007-2008 | എൽ.എഫ്.ഐ.8 509/10/6.01.11 |
| 2008-2009 | എൽ.എഫ്.ഐ.10/ 298/10/17.10.11 |
| 2009-2010 | എൽ.എഫ്.ഐ.10/ 310/10/17.10.11 |
| 2011-2012 | എൽ.എഫ്.ഐ.10/ 1056/12/5.02.13 |
| 2012-2013 | എൽ.എഫ്.ഐ -10/1343/2014/14.1.15 |
| 2013-2014 | എൽ.എഫ്.ഐ-10/1343/2014/14.1.15 |
| 2014-2015 | എൽ.എഫ്.ഐ-10/270/2016/5.5.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഐ.ഡി.കെ 10/1494 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ, തീയതി:09.12.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുടയത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

KSAIDK/10/1494 /2016

Kerala State Audit Department
District Audit Office, Idukki
Thodupuzha,Dated:09.12.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of KUDAYATHOOR Grama Panchayat in Idukki District for the year ended on 31.3.2016 in accordance with Sn4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of KUDAYATHOOR Grama Panchayat for the year 2015-16 expect observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR.